**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3760** | **27-06-2024 - ൽ മറുപടിയ്ക്ക്**

**തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിധിയിൽ യാത്രക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തേർഡ് പാർട്ടി ഇൻഷ്വറൻസ് മാത്രമുള്ള വാഹനങ്ങൾ നിയന്ത്രണം വിട്ട് ഇടിച്ചുണ്ടാകുന്ന അപകടങ്ങളിൽ വണ്ടിയിലുള്ള യാത്രക്കാർക്ക് പറ്റുന്ന പരിക്കിന് നഷ്ടപരിഹാരം നൽകാൻ തങ്ങൾക്ക് ബാധ്യതയില്ലെന്ന ഇൻഷ്വറൻസ് കമ്പനികളുടെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം കേസുകളിൽ ഇൻഷ്വറൻസ് കമ്പനികൾ ബാധ്യത ഏറ്റെടുക്കാത്തത് മൂലം ആർ.സി ഉടമകളും ഡ്രൈവർമാരും പ്രതിസന്ധിയിലാവുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പുതിയ വാഹനങ്ങൾ എടുക്കുമ്പോൾ ആദ്യത്തെ വർഷം ഫുൾ കവർ ഇൻഷ്വറൻസും ശേഷമുള്ള നാല് വർഷക്കാലം തേർഡ് പാർട്ടി ഇൻഷ്വറൻസും എന്ന വ്യവസ്ഥയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് മൂലം ആദ്യ വർഷത്തിന് ശേഷം ഫുൾ കവർ ഇൻഷ്വറൻസ് തുടരുന്നതിൽ ഉടമകൾ ശ്രദ്ധ ചെലുത്താത്തത് വലിയ നഷ്ടത്തിന് ഇടയാക്കുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിധിയിൽ വണ്ടിയിലുള്ള യാത്രക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | (ഡി) | തേഡ് പാർട്ടി ഇൻഷ്വറൻസ് പരിധിയിലുള്ള സർക്കാർ വാഹനത്തിൽ യാത്ര ചെയ്യുന്ന ജീവനക്കാർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കത്തക്ക വിധത്തിലുള്ള ഇൻഷ്വറൻസ് പോളിസിയാണ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ